# ഇത് റാങ്കുകളുടെ വീട്!

**എൻജിനീയറിങ് എൻട്രൻസ് ഒന്നാം റാങ്കുകാരൻ ഐഐടിയിൽ**



സംസ്ഥാന എൻജിനീയറിങ് എൻട്രൻസ് പരീക്ഷയിൽ ഒന്നാം റാങ്ക് നേടിയ ചീരഞ്ചിറ പുളിയാംതൊട്ടിയിൽ ബിനു ജോർജ് അച്ഛൻ ജോർജ് മാത്യു, അമ്മ റോസമ്മ ചെറിയാൻ എന്നിവർക്കും ബന്ധുക്കൾക്കുമൊപ്പം ആഹ്ലാദം പങ്കുവയ്ക്കുന്നു.

ചങ്ങനാശേരി● സംസ്ഥാന എൻജിനീയറിങ് പ്രവേശന പരീക്ഷയിൽ ഒന്നാമതെത്തിയ ബിനു ജോർജിനെ കേരളത്തിനു കിട്ടില്ല! ചെന്നൈ ഐഐടിയിൽ മെക്കാനിക്കൽ എൻജിനീയറിങ്ങിനു ചേർന്നു ബിനു.

വാഴപ്പള്ളി പഞ്ചായത്ത് ചീരഞ്ചിറ പുളിയാംതൊട്ടിയിൽ ബിനു ജോർജിന്റെ ഒന്നാം റാങ്ക് നേരത്തേ പ്രതീക്ഷിച്ചിരുന്നതാണ്. പ്രവേശന പരീക്ഷയിലെ ആകെ സ്കോറായ 960ൽ 935 മാർക്കും നേടി ബിനു റെക്കോർഡിട്ട കാര്യം മേയ് 29ന് മനോരമ റിപ്പോർട്ട് ചെയ്തിരുന്നു. ഇതിനൊപ്പം പ്ലസ് ടു മാർക്കു കൂടി ചേർത്താണ് റാങ്ക് ലിസ്റ്റ് തയാറാക്കിയത്. അപ്പോഴും റാങ്ക് ബിനുവിനു തന്നെ.

ചെത്തിപ്പുഴ പ്ലാസിഡ് വിദ്യാവിഹാർ സീനിയർ സെക്കൻഡറി സ്കൂളിലെ വിദ്യാർഥിയായ ബിനു തൃപ്പൂണിത്തുറ ന്യൂ ഇന്ത്യാ അഷുറൻസ് കമ്പനി അഡ്മിനിസ്ട്രേറ്റീവ് ഓഫിസർ ജോർജ് മാത്യുവിന്റെയും ബിഎസ്എൻഎൽ തിരുവല്ല സബ് ഡിവിഷൻ എൻജിനീയറായ റോസമ്മ ചെറിയാന്റെയും ഏക മകനാണ്.

അഖിലേന്ത്യാ പ്രവേശന പരീക്ഷയിൽ കേരളത്തിൽനിന്നു രണ്ടാം റാങ്കും കുസാറ്റ് എൻജിനീയറിങ് പ്രവേശന പരീക്ഷയിൽ രണ്ടാം റാങ്കും നേടിയതിന് പിന്നാലെയാണ് ഒന്നാം റാങ്കിന്റെ മധുരം കൂടി എത്തിയത്. ഐഐടി പ്രവേശന പരീക്ഷയിൽ സംസ്ഥാനത്ത് രണ്ടാം റാങ്കും അഖിലേന്ത്യാ തലത്തിൽ 447–ാം റാങ്കുമായിരുന്നു. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പെയ്സ് സയൻസ് ആൻഡ് ടെക്നോളജി പ്രവേശന പരീക്ഷയിൽ അഖിലേന്ത്യാ തലത്തിൽ 217–ാം റാങ്കു നേടി.

പ്ലാസിഡ് വിദ്യാവിഹാറിൽതന്നെ പാലാ ബ്രില്യന്റ് സ്റ്റഡി സെന്റർ സംഘടിപ്പിച്ച എൻട്രൻസിനുള്ള പരിശീലനത്തിൽ പങ്കെടുത്താണ് പരീക്ഷയ്ക്ക് തയാറായത്.

## റാങ്കിൽ അമ്മയുടെ വഴിയേ

ചങ്ങനാശേരി● ചീരഞ്ചിറ പുളിയാംതൊട്ടിയിൽ കുടുംബത്തിന് റാങ്ക് ഒരു പുതുമയല്ല. തലമുറകളായിട്ട് കൈമാറിവരുന്ന സൗഭാഗ്യം കൂടിയാണ്. സംസ്ഥാന പ്രവേശന പരീക്ഷയിൽ ബിനു ജോർജ് ഒന്നാം റാങ്ക് കരസ്ഥമാക്കിയപ്പോൾ ഒരിക്കൽ കൂടി റാങ്ക് എത്തിയ സന്തോഷമാണ് ഈ കുടുംബത്തിന്. ബിനുവിന്റെ അമ്മ റോസമ്മയ്ക്ക് 1988ൽ എംജി സർവകലാശാല എംഎസ്‌സി സ്റ്റാറ്റിസ്റ്റിക്സ് പരീക്ഷയിൽ ഒന്നാം റാങ്ക് ലഭിച്ചിരുന്നു. കൂടാതെ ഇവരുടെ കുടുംബത്തിലേക്കു മറ്റു റാങ്കുകളും വന്നെത്തിയിട്ടുണ്ട്.

പഠനത്തിന് വ്യക്തവും കൃത്യവുമായ ടൈംടേബിളൊന്നും ഇല്ലെന്നാണ് ബിനു പറയുന്നത്.

കാര്യങ്ങൾ മനസ്സിലാക്കിയുള്ള പഠനവും ചോദ്യങ്ങൾക്ക് വേഗത്തിൽ ഉത്തരം എഴുതാനുള്ള പരിശീലനവുമാണ് ഏറെയും ശ്രദ്ധിച്ചത്. എട്ടാം ക്ലാസ്മുതൽ ടെലിവിഷൻ കാണുന്നത് ഒഴിവാക്കിയിരുന്നു. പുലർച്ചെ ആറിന് ഉണർന്നാൽ കുളി കഴിഞ്ഞ് ബൈബിൾ വായനയും നടത്തിയതിനുശേഷമാണ് പഠനം തുടങ്ങുന്നത്. ശനി, ഞായർ ദിവസങ്ങളിൽ പ്രവേശന പരീക്ഷാ പരിശീലനത്തിനാണ് പൂർണമായും ചെലവഴിച്ചത്.

മറ്റുള്ള ദിവസങ്ങളിൽ സ്കൂൾ പാഠ്യവിഷയത്തോടൊപ്പം ഒരു മണിക്കൂർ സമയം പരിശീലനത്തിനു മാറ്റിവച്ചിരുന്നു.

## അരുണിന് ഇതു പ്രതീക്ഷിച്ച നേട്ടം

മണർകാട് ● കൂട്ടുകാരന്റെ വീട്ടിലിരുന്നു ടിവി കാണുന്നതിനിടെ അരുൺഗോപനെ തേടിയെത്തിയത് സംസ്ഥാന എൻജിനീയറിങ് എൻട്രൻസിൽ എസ്ടി വിഭാഗത്തിൽ ഒന്നാം റാങ്ക്. റാങ്ക് വിവരം ഫോണിലൂടെ വീട്ടിൽ വിളിച്ചറിയിച്ച ശേഷം കൂട്ടുകാരൻ അഖിലിനൊപ്പം നേരെ വീട്ടിലേക്ക്.

ഒന്നാം ക്ലാസ്മുതൽ കേന്ദ്രീയ വിദ്യാലയത്തിൽ പഠിച്ചിരുന്ന അരുൺഗോപന് നേരിയ പ്രതീക്ഷ റാങ്കിലുണ്ടായിരുന്നു. പന്ത്രണ്ടാം ക്ലാസ്‌വരെ മികച്ച ഗ്രേഡ് നേടി പഠനത്തിൽ മുന്നേറിയ അരുൺ കോട്ടയത്ത് പരിശീലന ക്ലാസിലും പങ്കെടുത്തിരുന്നു.

പത്താം ക്ലാസ്മുതൽ മെക്കാനിക്കൽ എൻജിനീയറാകണമെന്ന മോഹം മനസ്സിലുണ്ടായിരുന്നുവെന്ന് അരുൺ ഗോപൻ പറഞ്ഞു.

മണർകാട് എസ്ബിടി ഉദ്യോഗസ്ഥനായ ഐരാറ്റുനട പഴൂരിൽ ഗോപകുമാറിന്റെയും ചിങ്ങവനത്ത് എഫ്‌സിഐ ഉദ്യോഗസ്ഥയായ ഷീജയുടെയും മകനാണ് അരുൺ. ഏഴാം ക്ലാസ് വിദ്യാർഥി അർജുൻ സഹോദരനാണ്.



സംസ്ഥാന എൻജിനീയറിങ് എൻട്രൻസിൽ എസ്ടിവിഭാഗത്തിൽ ഒന്നാം റാങ്ക് നേടിയ ഐരാറ്റുനട പഴൂരിൽ അരുൺ ഗോപൻ. അച്ഛൻ ഗോപകുമാർ, അമ്മ ഷീജ, സഹോദരൻ അർജുൻ എന്നിവർ സമീപം.

# നാട്ടിൻപുറത്തുനിന്ന് ഒന്നാം റാങ്കിലേക്ക്

## മെഡിക്കൽ ഒന്നാം റാങ്കുകാരി ശിൽപയുടെ ഇഷ്ടം കോഴിക്കോട് മെഡിക്കൽ കോളജ്

**ബിബിൻ എസ്. നാഥ്**
bibinsnath@mm.co.in

ആറാം ക്ലാസിലെ ഇംഗ്ലിഷ് പാഠപുസ്കത്തിൽ ആൽബർട്ട് ഷൈ്വറ്റ്സർ എന്ന ഡോക്ടറുടെ കഥയുണ്ട്. സ്വന്തം വീടു വിട്ട്, ആതുരസേവനത്തിന്റെ വലിയപാഠങ്ങളുമായി ആഫ്രിക്കയിലെ ഉൾനാടൻ ഗ്രാമങ്ങളിൽ അലഞ്ഞു നടന്ന ഡോക്ടറുടെ ഹൃദയസ്പർശിയായ കഥ. പഠനമെല്ലാം കഴിഞ്ഞ് പുസ്തകം മടക്കി വച്ചിട്ടും അന്നൊരു ആറാം ക്ലാസുകാരിയുടെ മനസ്സിൽ ഡോ. ആൽബർട്ട് കൂടുകൂട്ടി. ആ ആറാം ക്ലാസുകാരി പഠിച്ചു ജയിച്ച് പ്ലസ് വണ്ണിൽ എത്തിയപ്പോൾ ഓർമകളെ മടക്കി വിളിച്ച് വീണ്ടുമെത്തി ആൽബർട്ട് ഷൈ്വറ്റ്സറെ കുറിച്ചുള്ള പാഠഭാഗം. ഇത്തവണ പുസ്തകം മടക്കിയപ്പോൾ ആ പെൺകുട്ടി ഒരു കാര്യമുറപ്പിച്ചു. എന്തൊക്കെ വന്നാലും ഇനി ഡോക്ടറായിട്ടു തന്നെ കാര്യം.

മെഡിക്കൽ പ്രവേശന പരീക്ഷയിലെ ഈ വർഷത്തെ ഒന്നാം റാങ്കുകാരി ശിൽപ എം. പോളിന്റെ വിജയകഥ അവിടെ തുടങ്ങുന്നു. കോതമംഗലം വാരപ്പെട്ടി മണിയേലിൽ സബ് ട്രഷറി ഉദ്യോഗസ്ഥനായ എം. ഒ. പൗലോസിന്റെയും വീട്ടമ്മയായ ഷീലയുടെയും മൂത്ത മകൾ ശിൽപ മാത്രമാണ്, ഇക്കുറി മെഡിക്കൽ റാങ്കുകാരിൽ ആദ്യ പത്തിലെ ഒരേയൊരു പെൺകൊടിയും. കോതമംഗലത്തെ ഈ നാട്ടിൻപുറത്തുകാരിയിൽ ഡോക്ടറാകണമെന്ന മോഹം കയറിക്കൂടുന്നത് ഹൈസ്ക്കൂൾ പഠനകാലത്താണ്. കോതമംഗലം ശോഭാ പബ്ലിക് സ്കൂളിൽ പഠിക്കുന്ന സമയത്ത് സ്കൗട്ട് ആൻഡ് ഗൈഡ്സിൽ സജീവമായിരുന്നു ശിൽപ. പകർച്ചവ്യാധിയുടെ സമയമായിരുന്നതു കൊണ്ട് ഗ്രാമീണ പ്രദേശങ്ങളിലെ വീടുകൾ സന്ദർശിച്ച് ആരോഗ്യ ബോധവൽക്കരണം നടത്തലായിരുന്നു പ്രധാന പരിപാടി. സേവന വഴിയിലുള്ള യാത്രയോടുള്ള ഇഷ്ടവും തന്റെ മുന്നോട്ടുള്ള മാർഗവും ശിൽപ തിരിച്ചറിഞ്ഞു തുടങ്ങുകയായിരുന്നു ഇക്കാലയളവിലൊക്കെ.

പ്ലസ് ടു പൂർത്തിയായപ്പോൾ ഒട്ടുമിക്ക കുട്ടികളെയും പോലെ ശിൽപയും മെഡിക്കൽ, എൻജിനീയറിങ് പ്രവേശന പരീക്ഷകളെഴുതി. പ്രത്യേക പരിശീലനമൊന്നും കൂടാതെ എഴുതിയിട്ടും മെഡിക്കലിന് 3300–ാം റാങ്കും എൻജിനീയറിങ്ങിന് 1195–ാം റാങ്കും ലഭിച്ചു. പ്ലസ് ടുവിന് 99% മാർക്കുണ്ടെങ്കിലും നല്ലൊരു സർക്കാർ മെഡിക്കൽ കോളജിൽ ചേരാൻ ഈ റാങ്കൊന്നും പോരാ എന്നു മനസ്സിലായപ്പോൾ ഒരു വർഷം കളഞ്ഞാണെങ്കിലും പരീക്ഷ വീണ്ടും എഴുതണമെന്ന് തീരുമാനിച്ചു. പിന്നെ വൈകിയില്ല; വീടു വിട്ട് പ്രത്യേക എൻട്രൻസ് പരിശീലനത്തിനു പോയി.

ഒരു വർഷത്തെ ചിട്ടയായ പഠനം. കൂടെ പ്ലസ് ടുവിന് പഠിച്ചവരൊക്കെ കോളജിൽ പോയി തുടങ്ങിയപ്പോൾ താൻ മാത്രം ഒരു വർഷം നഷ്ടപ്പെടുത്തുകയാണോ എന്ന ആശങ്കകളൊക്കെ കോച്ചിങ് പുരോഗമിച്ചപ്പോൾ പോയ് മറഞ്ഞു. വീടു വിട്ടു ആദ്യമായി പുറത്തു പോയി നിൽക്കുന്നതിന്റെ ദുഃഖവും പഠനത്തിരക്കിൽ അലിഞ്ഞില്ലാതായി. ജനുവരി മുതൽ ക്ലാസ് ടെസ്റ്റുകൾ തുടങ്ങിയിരുന്നു. ക്ലാസ് ടെസ്റ്റുകളിൽ നേടിയ മികച്ച വിജയം നല്ല ധൈര്യം പകർന്നു. കേരളത്തിലെ പൊതു പ്രവേശന പരീക്ഷയ്ക്കു മുൻപായി ഓൾ ഇന്ത്യ എൻട്രൻസ് പരീക്ഷയുടെ പ്രിലിമിനറിയും എഴുതിയതോടെ ആത്മവിശ്വാസമായി. ഒടുവിൽ പരീക്ഷാ ഹാളിലെത്തി ചോദ്യപേപ്പർ കൈപ്പറ്റി എഴുത്തു തുടങ്ങുമ്പോഴേക്കും ടെൻഷനൊന്നുമില്ലാതെ കൂൾ കൂളായിരുന്നു ശിൽപ.


ശിൽപ

കോഴിക്കോട് മെഡിക്കൽ കോളജിൽ പഠിച്ചിറങ്ങി ന്യൂറോളജി വിദഗ്ധയായി പേരെടുക്കണമെന്നാണ് ശിൽപയുടെ ആഗ്രഹം. ശാസ്ത്ര സംബന്ധമായ പുസ്തകങ്ങളും ആരോഗ്യ പ്രസിദ്ധീകരണങ്ങളും കഴിഞ്ഞാൽ പിന്നെ ശിൽപ വായിച്ചതധികവും യാത്രാവിവരണങ്ങളും നോവലുകളും ആത്മകഥകളുമൊക്കെയാണ്. ഇഷ്ടപ്പെട്ട എഴുത്തുകാരൻ എസ്. കെ. പൊറ്റക്കാട്.

# 935/960; എൻജി. പ്രവേശന പരീക്ഷയിൽ ബിനുവിന് റെക്കോർഡ് സ്കോർ

**സ്വന്തം ലേഖകൻ**

**ചങ്ങനാശേരി** ● എൻജിനീയറിങ് എൻട്രൻസ് പരീക്ഷയിൽ ചരിത്ര നേട്ടവുമായി ബിനു ജോർജ്. 960 മാർക്കിന്റെ എൻട്രൻസ് പരീക്ഷയിൽ 935 മാർക്കും സ്കോർ ചെയ്താണു ചെത്തിപ്പുഴ പ്ലാസിഡ് വിദ്യാവിഹാർ സീനിയർ സെക്കൻഡറി സ്കൂളിലെ വിദ്യാർഥിയായ ബിനു ജോർജ് സംസ്ഥാനത്ത് ഒന്നാമനായത്. എൻജിനീയറിങ് എൻട്രൻസിൽ ആദ്യമായാണ് ഇത്രയും മാർക്ക് നേടുന്നതെന്നു കരുതുന്നു.

എൻജിനീയറിങ് എൻട്രൻസ് പരീക്ഷയിലെ സ്കോർ മെഡിക്കൽ എൻട്രൻസ് പരീക്ഷാഫലത്തോടൊപ്പം പ്രസിദ്ധീകരിച്ചിരുന്നു. ഹയർ സെക്കൻഡറി പരീക്ഷയുടെ മാർക്കും എൻട്രൻസ് സ്കോറും ചേർത്തുള്ള എൻജിനീയറിങ് റാങ്ക്‌ലിസ്റ്റ് ജൂൺ മൂന്നാമത്തെ ആഴ്ചയേ പ്രസിദ്ധീകരിക്കൂ. സിബിഎസ്ഇ പന്ത്രണ്ടാം ക്ലാസ് പരീക്ഷയിൽ 96.6 ശതമാനം മാർക്കാണ് ബിനുവിന്. രണ്ടും കൂടി ചേർക്കുമ്പോൾ എൻട്രൻസ് ഒന്നാം റാങ്കും ബിനുവിനായിരിക്കുമോ എന്ന കാത്തിരിപ്പിലാണു ബന്ധുക്കളും അധ്യാപകരും സുഹൃത്തുക്കളും. കഴിഞ്ഞ വർഷത്തെ ഒന്നാം റാങ്കുകാരനായ പ്ലാസിഡിലെ തന്നെ ദിലീപ് കൈനിക്കര നേടിയ 926 മാർക്കെന്ന റെക്കോർഡാണ് ബിനു തിരുത്തിയതെന്നു സ്കൂൾ പ്രിൻസിപ്പൽ ഫാ.സ്കറിയ എതിരേറ്റ് പറഞ്ഞു.



ബിനു ജോർജ്

തൃപ്പൂണിത്തുറ ന്യൂ ഇന്ത്യാ അഷുറൻസ് കമ്പനി അഡ്മിനിസ്ട്രേറ്റിവ് ഓഫിസറായ വാഴപ്പള്ളി പഞ്ചായത്ത് ചീരഞ്ചിറ പുളിയാംതൊട്ടിയിൽ ജോർജ് മാത്യുവിന്റെയും ബിഎസ്എൻഎൽ തിരുവല്ല സബ് ഡിവിഷൻ എൻജിനീയറായ റോസമ്മ ചെറിയാന്റെയും മകനാണ് ബിനു.

ഐഐടി പ്രവേശന പരീക്ഷയിൽ ദേശീയ തലത്തിൽ 447–ാം റാങ്കു കിട്ടിയ ബിനു കേരളത്തിലെ രണ്ടാമനാണ്. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പെയ്സ് സയൻസ് ആൻഡ് ടെക്നോളജി പ്രവേശന പരീക്ഷയിൽ അഖിലേന്ത്യാ തലത്തിൽ 217–ാം റാങ്കുമുണ്ട്. കേന്ദ്ര സർക്കാരിന്റെ കിഷോർ വൈജ്ഞാനിക് പ്രോത്സാഹൻ യോജന സ്കോളർഷിപ് കരസ്ഥമാക്കിയിട്ടുണ്ട്.

# കുസാറ്റ് ബിടെക് എൻട്രൻസ്: ഇഷാന് ഒന്നാം റാങ്ക്

**രണ്ടാം റാങ്ക് ബിനു ജോർജിന്. കൗൺസലിങ് 28 മുതൽ**

കളമശേരി ● കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാല വിവിധ കോഴ്സുകളിലേക്ക് 2012–13 അധ്യയന വർഷത്തെ പ്രവേശനത്തിനായി നടത്തിയ പൊതുപ്രവേശന പരീക്ഷയുടെ ഫലം പ്രഖ്യാപിച്ചു. ബിടെക് പ്രവേശന പരീക്ഷയിൽ റാഞ്ചി കന്ദ്രു ഹനുമാൻ ക്ഷേത്രത്തിനു സമീപം ശ്രീ ടവറിൽ ഫ്ലാറ്റ് നമ്പർ 604ൽ ഇഷാൻ രക്ഷിതിനാണ് ഒന്നാം റാങ്ക്. ചങ്ങനാശേരി ചീരംചിറ ഉളിയം തൊട്ടിയിൽ വീട്ടിൽ ബിനു ജോർജിനാണ് രണ്ടാം റാങ്ക്.



റാങ്ക് നേടിയ ബിനു ജോർജ്.

എസ്ബിഐ ഉദ്യോഗസ്ഥനായ ബിനോയ്കുമാറിന്റെയും സ്കൂൾ അധ്യാപികയായ സീമ കുമാരിയുടെയും മകനാണ് ഇഷാൻ.

തമിഴ്നാട് ആണ്ടാൾപുരം സ്വദേശി എ. തിരുനാവുക്കരശിനാണു മൂന്നാം റാങ്ക്.

21116 പേരാണ് കുസാറ്റ് നടത്തിയ അഖിലേന്ത്യാ പൊതുപ്രവേശന പരീക്ഷ എഴുതിയത്. http://iraaa.cusat.ac.in, www.cusat.ac.in എന്നീ വെബ്സൈറ്റുകളിൽ വിദ്യാർഥികൾക്ക് ഫലം ലഭ്യമാണെന്ന് ഐആർഎഎ ഡയറക്ടർ ഡോ. സുനിൽ കെ. നാരായണൻകുട്ടി അറിയിച്ചു.

ഈ വർഷം ഇന്ത്യയിൽ 81 കേന്ദ്രങ്ങളിലായാണു കുസാറ്റ് പൊതുപ്രവേശന പരീക്ഷ നടത്തിയത്. പിജി കോഴ്സുകൾക്കുൾപ്പെടെ 38000 പേർ പരീക്ഷയ്ക്ക് അപേക്ഷിച്ചിരുന്നു. ഇതാദ്യമായി പിജി കോഴ്സുകൾക്കു ഡൽഹിയിലും കൽക്കട്ടയിലും കുസാറ്റ് പരീക്ഷാകേന്ദ്രങ്ങൾ ഒരുക്കിയിരുന്നു. യുജി, പിജി കോഴ്സുകൾക്കുള്ള ഓപ്ഷൻ രജിസ്ട്രേഷൻ ഈ മാസം 20ന് നാലു മണിക്കകം നടത്തണം. ആദ്യത്തെ അലോട്മെന്റ് ലിസ്റ്റ് 21ന് പ്രസിദ്ധീകരിക്കും. കൗൺസലിങ് ഈ മാസം 28ന് ആരംഭിക്കും.